# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2393

## 06-12-2018 ൽ മറുപടിക്ക്

## കിഴക്കമ്പലം-ചോറ്റാനിക്കര റോഡ്

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) 2017-18 ബഡ്ജറ്റിൽ കിഫ്ബി വഴി കിഴക്കമ്പലം-ചോറ്റാനിക്കര റോഡിന് എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; | 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 182 റോഡുകൾ [ഖണ്ഡിക 156] എന്ന മുഖ്യ പദ്ധതിയുടെ 116 - ാമത് ഇനമായി പ്രഖ്യാപിച്ച പദ്ധതിയാണ് കിഴക്കമ്പലം ചോറ്റാനിക്കര റോഡ്. ടി പദ്ധതിക്ക് ബഡ്ജറ്റിൽ 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ടി റോഡിന് തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; | 10/07/2017-ലെ സ.ഉ (സാധാ) 942/2017/പൊ.ഭ.വ ഉത്തരവ് പ്രകാരം [അനുബന്ധം-1, 115-പിരിവ്] കിഴക്കമ്പലം ചോറ്റാനിക്കര റോഡ് എന്ന പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും 24 കോടി രൂപ വകയിരുത്തുകയും കേരള റോഡ് ഫണ്ട് ബോർഡ് [KRFB] നെ പദ്ധതി നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഭരണാനുമതി ലഭിച്ച ശേഷം സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;<br>(ഡി) പ്രസ്തുത റോഡ് കിഫ്ബി വഴി നന്നാക്കുന്നതിന് എന്തെങ്കിലും തടസം ഉണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം റോഡ് നന്നാക്കുന്നതിനാണ് ഉദ്ദേശിക്കുതെന്ന് വ്യക്തമാക്കാമോ? | പ്രസ്തുത പദ്ധതിക്കായി കെ.ആർ.എഫ്.ബി സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് ഇപ്പോൾ കിഫ്ബി അവലോകന വിഭാഗത്തിന്റെ പരിഗണനയിലാണ്. പദ്ധതി സൈറ്റ് സന്ദർശിച്ചതിനു ശേഷം പ്രസ്തുത റോഡിന്റെ ചില ചെയിനേജുകളിൽ അലൈൻമെന്റ് കറക്ഷൻ, പ്രൊഫൈൽ കറക്ഷൻ എന്നിവ ചെയ്യേണ്ടതായി കാണുന്നു (മിനിമം ROW ആയ 10m ലഭ്യമാകുവാനും ഗ്രേഡിയൻറ്റിന്റെ (ചരിവ്) തോത് കുറയ്ക്കുവാനും വേണ്ടിയാണ് മേൽ സൂചിപ്പിച്ച ഭേദഗതികൾ ആവശ്യമായി വരുന്നത്). ഇവയുടെ സ്പഷ്ടീകരണത്തിനായി സ്ഥല പരിശോധന റിപ്പോർട്ട് [Site Visit] ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസി ആയ കേരള റോഡ് ഫണ്ട് ബോർഡിനു [KRFB] കൈമാറിയിട്ടുണ്ട്. ഇതിനുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

ജോയിന്റ് സെക്രട്ടറി